©
Government of Kerala
കേരള സർക്കാർ
2011

Reg. No. രജി. നമ്പർ
KL/TV(N)/12/2009-2011

# KERALA GAZETTE
# കേരള ഗസറ്റ്

EXTRAORDINARY

അസാധാരണം

PUBLISHED BY AUTHORITY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | | |
|---|---|---|---|---|
| Vol. LVI<br>വാല്യം 56 | Thiruvananthapuram, Friday<br>തിരുവനന്തപുരം, വെള്ളി | 15th July 2011<br>2011 ജൂലൈ 15<br>24th Ashadha 1933<br>1933 ആഷാഢം 24 | No.<br>നമ്പർ | 1381 |


## കേരള സർക്കാർ

തൊഴിലും പുനരധിവാസവും (ഇ) വകുപ്പ്

### വിജ്ഞാപനം

ജി. ഒ. (എംഎസ്.) നമ്പർ 87/2011/തൊഴിൽ. *തിരുവനന്തപുരം, 2011 ജൂലൈ 6.*

**എസ്. ആർ. ഒ. നമ്പർ 437/2011.**—1948-ലെ മിനിമം വേജസ് ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 5-ാം വകുപ്പ് (2)-ാം ഉപവകുപ്പും 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡവും, കൂട്ടിവായിച്ചപ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും പ്രസ്തുത ആക്റ്റിന്റെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിൽ ആവശ്യപ്പെടുന്നപ്രകാരം, 2010 ഡിസംബർ 15-ാം തീയതിയിലെ 2848-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2010 ഡിസംബർ 13-ാം തീയതിയിലെ 25582/ഇ1/2010/തൊഴിൽ നമ്പരായി പ്രസിദ്ധീകരിച്ച പ്രാഥമിക വിജ്ഞാപനത്തിന്മേലുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിഗണിച്ചശേഷം പ്രസ്തുത ആക്റ്റിന്റെ 7-ാം വകുപ്പ് പ്രകാരം രൂപീകരിച്ച മിനിമം വേതന ഉപദേശക സമിതിയുടെ ഉപദേശവും പരിഗണിച്ച് കേരള സംസ്ഥാനത്തെ മരം കയറ്റ തൊഴിൽ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ പറയുന്നപ്രകാരം സർക്കാർ ഇതിനാൽ നിശ്ചയിക്കുകയും ഈ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിച്ച തീയതി പ്രസ്തുത നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയായി നിജപ്പെടുത്തുകയും ചെയ്യുന്നു.

## പട്ടിക

### 1. പീസ് റേറ്റ്

| ക്രമ നമ്പർ | ഇനം/ജോലി | വേതന നിരക്ക് |
|---|---|---|
| 1 | തെങ്ങ് കയറ്റം | 10 രൂപ വീതം (തെങ്ങ് ഒന്നിന്) |
| 2 | കവുങ്ങ് കയറ്റം: | |
| | (എ) കവുങ്ങിൽ കയറി അടയ്ക്കാ പറിക്കുന്നതുമായി ബന്ധപ്പെട്ട് | 4 രൂപ വീതം (കവുങ്ങ് ഒന്നിന്) |
| | (ബി) കവുങ്ങിൽ മരുന്ന് തളിക്കുന്നതുമായി ബന്ധപ്പെട്ട് | 2 രൂപ വീതം (കവുങ്ങ് ഒന്നിന്) |

കുറിപ്പ്:— തെങ്ങ് കയറ്റത്തിന് കൂലിക്ക് പുറമേ പ്രാദേശികമായി മറ്റേതെങ്കിലും ആനുകൂല്യം നിലവിൽ നൽകിവരുന്നുണ്ടെങ്കിൽ അത് തുടർന്നും നൽകേണ്ടതാണ്.

### 2. ദിവസവേതന നിരക്ക്

| ക്രമ നമ്പർ | ജോലി/ഇനം | മൊത്തം ദിവസ വേതനം (8 മണിക്കൂർ ജോലിക്ക്) |
|---|---|---|
| 1 | തെങ്ങ്, കവുങ്ങ് എന്നിവ ഒഴികെയുള്ള മരം കയറ്റം | ₹ 275 |
| 2 | കുരുമുളക് പറിക്കാനുള്ള മരം കയറ്റം | ₹ 275 |

കുറിപ്പ്:— കുരുമുളക് പറിക്കുന്നതിന് തൊഴിലാളികൾക്ക് വിളവിന്റെ ആനുപാതികമായി മുളക് പ്രതിഫലമായി നൽകുന്ന സമ്പ്രദായം നിലനിൽക്കുന്ന ഇടങ്ങളിൽ തുടർന്നും അപ്രകാരം നൽകേണ്ടതാണ്. എന്നാൽ, അപ്രകാരം നൽകുന്ന വിളവിന്റെ വില ആനുപാതിക ദിവസവേതന നിരക്കിനേക്കാൾ കുറയാവുന്നതല്ല.

### 3. വാർഷിക വർദ്ധനവ്

ഈ മേഖലയിൽ അടിസ്ഥാന വേതനത്തിന്റെ ഭാഗമായി ക്ഷാമബത്ത നിശ്ചയിച്ചിട്ടില്ലാത്തതിനാൽ, ഈ വിജ്ഞാപനം പ്രസിദ്ധീകരിച്ചതിനുശേഷം എല്ലാ വർഷവും ജനുവരി മുതൽ അന്ന് നിലവിലുള്ള അടിസ്ഥാന വേതനത്തിന്റെ 7 (ഏഴ്) ശതമാനം ജീവിത വില അലവൻസായി നൽകേണ്ടതാണ്.

4. **പൊതുവ്യവസ്ഥകൾ**

(1) ഈ വിജ്ഞാപനം പ്രാബല്യത്തിൽ വരുന്നതോടെ 2009 ആഗസ്റ്റ് 11-ാം തീയതിയിലെ 1451-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 674/2009 ആയി പ്രസിദ്ധീകരിച്ച 2009 ആഗസ്റ്റ് 10-ാം തീയതിയിലെ ജി. ഒ. (എംഎസ്.) നമ്പർ 106/2009/തൊഴിൽ വിജ്ഞാപനത്തിന്റെ 2- ഉം 3- ഉം വിഭാഗങ്ങൾക്കുവേണ്ടി നിശ്ചയിച്ചിട്ടുള്ള വേതനനിരക്ക് ഈ വിജ്ഞാപനത്തിൽ കാണിച്ച വിഭാഗം ജീവനക്കാർക്ക് ബാധകമായിരിക്കുന്നതല്ല.

(2) എവിടെയെങ്കിലും മുകളിൽ നിശ്ചയിച്ചപ്രകാരമുള്ള കുറഞ്ഞ വേതനത്തേക്കാൾ ഉയർന്ന വേതനം തൊഴിലാളിക്ക് യഥാർത്ഥത്തിൽ ലഭിച്ചുവരുന്നുണ്ടെങ്കിൽ, അപ്രകാരമുള്ള ഉയർന്ന വേതനം തുടരേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

അനിൽ. എക്സ്.,
*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

കേരള സംസ്ഥാന മരം കയറ്റ തൊഴിൽ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ കുറഞ്ഞ കൂലി നിശ്ചയിക്കുന്നതിന് 1948-ലെ മിനിമം വേജസ് ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം വിജ്ഞാപനം ചെയ്ത 2010 ഡിസംബർ 13-ാം തീയതിയിലെ 25582/ഇ1/2010/തൊഴിൽ നമ്പർ പ്രാഥമിക വിജ്ഞാപനത്തിന്മേൽ ലഭിച്ച ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചശേഷം മിനിമം വേതന ഉപദേശക സമിതിയുടെ ഉപദേശവും പരിഗണിച്ച് പ്രസ്തുത മേഖലയിലെ തൊഴിലാളികളുടെ ഏറ്റവും കുറഞ്ഞ കൂലിനിരക്കുകൾ നിശ്ചയിക്കുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

GOVERNMENT OF KERALA

**Labour and Rehabilitation (E) Department**

NOTIFICATION

G. O. (Ms.) No. 87/2011/LBR. *Dated, Thiruvananthapuram, 6th July, 2011.*

**S. R. O. No. 437/2011.**—In exercise of the powers conferred by clause (b) of sub-section (1) of section 3 of the Minimum Wages Act, 1948 (Central Act 11 of 1948), read with sub-section (2) of section 5 thereof, the Government of Kerala after considering the objections and suggestions received on the draft proposal previously published under Notification No. 25582/E1/2010/LBR dated 13th December, 2010 in the Kerala Gazette Extraordinary No. 2848 dated 15th December, 2010 as required under clause (b) of sub-section (1) of section 5 of the said Act and after considering the advice of the Minimum Wages Advisory Board constituted under section 7 of the said Act, hereby fix the minimum rates of wages payable to the employees employed in the Tree Climbing Sector in the State of Kerala as specified in the Schedule hereto annexed and fix the date of publication of this notification in the Gazette as the date from which the rates shall come into force.

SCHEDULE

**1. Piece Rate**

| *Sl. No.* | *Category/Work* | *Rate of Wages* |
|---|---|---|
| 1 | Coconut tree climbing | ₹ 10 (per coconut tree) |
| 2 | Arecanut tree climbing: | |
| | (a) In connection with plucking arecanut | ₹ 4 (per arecanut tree) |
| | (b) In connection with Spraying | ₹ 2 (per arecanut tree) |

*Note.*—In the case of employees who are getting any other local benefits, they shall also be continued.

**2. Rate of Daily Wages**

| *Sl. No.* | *Work/Category* | *Daily Basic Wages (for 8 hours work)* |
|---|---|---|
| 1 | Tree climbing excluding Arecanut and Coconut tree | ₹ 275 |
| 2 | Tree climbing for harvesting pepper | ₹ 275 |

*Note*:—In places where pepper is given to workers proportionately to the crop as wages for harvesting pepper, the same shall be continued to be given. But the cost of the crop so given shall not be less than the proportionate daily wages fixed as per this notification.

**3. Increment**

As Dearness Allowance is not fixed as part of Basic Wages for this sector, the workers shall be paid 7% of Basic Wages then existed as cost of living allowance with effect from January every year on the publication of the notification.

**4. General Conditions**

(1) The minimum rates of wages, fixed for category 2 and 3 as per Notification issued as G. O. (Ms.) No. 106/2009/LBR dated 10th August, 2009 and published as S.R.O. No. 674/2009 in Kerala Gazette Extraordinary No. 1451 dated 11th August, 2009 shall not be applicable to the category of workers mentioned in this notification, on publication of this notification.

(2) Wherever the workers are actually in receipt of higher wages than the minimum wages fixed above such higher wages shall be continued.

By order of the Governor,

ANIL, X.,

*Secretary to Government.*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

After considering the objections and suggestions received on the preliminary notification issued as No. 25582/E1/2010/LBR dated 13th December, 2010 as provided under clause (b) of sub-section (1) of section 5 of the Minimum Wages Act, 1948 and in consultation with the Minimum Wages Advisory Board, Government have decided to fix the minimum rates of wages payable to the employees employed in the Tree Climbing in the State of Kerala.

This notification is intended to achieve the above object.

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2011.

33/2677/11